പതിമൂന്നാം കേരള നിയമസഭ
ഒന്നാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നംപർ. 441

28.06.2011 -ൽ മറുപടിയ്ക്ക്

## ഖാദി തൊഴിലാളികളുടെ ക്ഷേമത്തിനായി മുൻ സർക്കാർ നടപ്പാക്കിയ ക്ഷേമപ്രവർത്തനങ്ങൾ

ചോദ്യം

ശ്രീ. സി. കൃഷ്ണൻ

ഉത്തരം

ശ്രീ. പി.കെ. കുഞ്ഞാലിക്കുട്ടി
(ബഹു. വ്യവസായവും വിവരസാങ്കേതികവും നഗരകാര്യവും വകുപ്പ് മന്ത്രി)

(എ) സംസ്ഥാനത്തെ ഖാദി തൊഴിലാളികളുടെ ക്ഷേമത്തിനായി മുൻ സർക്കാർ എന്തെല്ലാം ക്ഷേമപ്രവർത്തനങ്ങളാണ് നടപ്പാക്കിയതെന്ന് വിശദമാക്കാമോ ;

(എ) ഖാദി തൊഴിലാളികളുടെ വേതനം 2007 മുതൽ 25% വും 2009 മുതൽ 50% വും വർദ്ധിപ്പിച്ചു. ഖാദിതൊഴിലാളികൾക്ക് നൽകിവരുന്ന ഉല്പാദന ഇൻസെന്റീവ് നൂൽപ്പിന് 2007 മുതൽ 10 പൈസയിൽ നിന്ന് 20 പൈസയായും 2009 മുതൽ 20 പൈസയിൽ നിന്ന് 30 പൈസയായും നെയ്ത്തിന് യഥാക്രമം 40 പൈസയിൽ നിന്ന് 55 പൈസയായും 55 പൈസയിൽ നിന്ന് 90 പൈസയായും വർദ്ധിപ്പിച്ചു. മുടക്കം കൂടാതെ ഖാദി തൊഴിലാളികൾക്ക് പഞ്ഞിയും നൂലും യഥാസമയം ലഭ്യമാകുന്നതിന് നടപടി സ്വീകരിച്ചു.

കേരള ഖാദി തൊഴിലാളി ക്ഷേമനിധി ബോർഡിന് അംശാദായമായി സർക്കാർ വിഹിതമായ രണ്ട് കോടി രൂപ അനുവദിച്ചു.

സംസ്ഥാനത്തെ മുഴുവൻ ഖാദി തൊഴിലാളികൾക്കും 250 രൂപ വീതം ഓണക്കാലത്ത് ഉത്സവബത്ത നൽകി. പിന്നീട് ഇത് വർദ്ധിപ്പിച്ച് 300 രൂപയും വീണ്ടും വർദ്ധിപ്പിച്ച് 350 രൂപയുമാക്കി . 2010-ൽ അത് വീണ്ടും വർദ്ധിപ്പിച്ച് 500 രൂപയാക്കി.

ഖാദി തൊഴിലാളികളുടെ മിനിമം കൂലി സംബന്ധിച്ച് പഠിച്ച് റിപ്പോർട്ട് നൽകുന്നതിന് ഒരു സമിതിയെ ചുമതലപ്പെടുത്തുകയും, സമിതിയുടെ റിപ്പോർട്ട് പ്രകാരം മിനിമം കൂലി നിശ്ചയിച്ച് 08/01/2010-ലെ സ.ഉ.(സാധാ)നം.5/2010/തൊഴിൽ പ്രകാരം ഗസറ്റ് വിജ്ഞാപനം

| | | | |
|---|---|---|---|
| | | | പുറപ്പെടുവിക്കുകയും ചെയ്തു.<br><br>2010-11 ബഡ്ജറ്റിൽ വകയിരുത്തിയ വേതന പൂരക പദ്ധതി (Income Support Scheme) - ൽ ഖാദി തൊഴിലാളികളെക്കൂടി ഉൾപ്പെടുത്തി ആനുകൂല്യം നൽകുന്നതിന് നടപടി സ്വീകരിച്ചു. ഇതിനായി 10 കോടി രൂപ അനുവദിച്ചു.<br>ഖാദി കൈത്തൊഴിൽകാർക്ക് ആധുനിക സൗകര്യങ്ങൾ നൽകുന്നതിന് 2009-10 വർഷം 20 ലക്ഷം രൂപ അനുവദിച്ചു. നിലത്തിരുന്ന് ചർക്ക പ്രവർത്തിപ്പിച്ചിരുന്ന സ്ഥാനത്ത് 400 തൊഴിലാളികൾക്ക് 2009-10 വർഷം മേശയും സ്റ്റൂളും ഏർപ്പെടുത്തി. 2010-11 വർഷം 220 പേർക്ക് കൂടി മേശയും സ്റ്റൂളും നൽകുകയുണ്ടായി. 2011-12 വർഷം ഇക്കാര്യത്തിലേയ്ക്ക് 10 ലക്ഷം രൂപ ബഡ്ജറ്റിൽ വകയിരുത്തിയിട്ടുണ്ട്. |
| (ബി) | ഇത്തരത്തിലുള്ള പ്രവർത്തനങ്ങൾ തുടരുമോയെന്ന് വ്യക്തമാക്കുമോ ? | (ബി) | ഇക്കാര്യം പരിശോധിച്ചു വരികയാണ്. |

സെക്ഷൻ ഓഫീസർ